## (17.) ഇളപ്പുപാറ സെൻ്റ് ജോർജ്ജ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

സെൻ്റ് ജോർജ്ജ് മലങ്കര കത്തോലിക്കാപള്ളി സ്ഥിതി ചെയ്യുന്നത് പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ വി.കോട്ടയം വില്ലേജിൽ ഇളപ്പുപാറ എന്ന സ്ഥലാണ്. ഈ പ്രദേശത്ത് ജനവാസമായിട്ട് ഏകദേശം നൂറ് വർഷത്തിനുമുകളിലായി. അന്ന് ഇവിടെ സഞ്ചാരയോഗ്യമായ വഴി ഇല്ലായിരുന്നു. നടപ്പാതമാത്രം ഉണ്ടായിരുന്ന ആ കാലഘട്ടത്തിൽ ഇതരമേഖലകളിൽ നിന്നും ആളുകൾ കിഴക്കൻ മലയോര പ്രദേശത്ത് കൃഷിക്കും വ്യാപാരത്തിനും പോയിരുന്നത്. അതുപോലെ തന്നെ കാർഷിക ഉത്പന്നങ്ങളും സുഗന്ധവ്യഞ്ജനങ്ങളും വിറ്റഴിക്കാൻ പറക്കോട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന മാർക്കറ്റിനെ ആശ്രയിച്ചിരുന്നു. ഉപജീവനത്തിനുള്ള കാർഷിക ഉത്പന്നങ്ങൾ വിടുകളിലെത്തിക്കാൻ തലചുമടായും കഴുതപ്പുറത്തും കാളപുറത്തും മറ്റുമായി ഈ പാത ഉപയോഗിച്ചിരുന്നു. ഇപ്പോഴത്തെ വില്ലേജ് ആഫിസിന് സമീപത്തായി യാത്രാക്ലേശം മൂലം ചുമട് ഇളപ്പുചെയ്യുന്നതിന് ഒരു ചുമടുതാങ്ങിയും വിശ്രമിക്കുന്നതിനായി ഒരു പരന്നപാറയും ഉണ്ടായിരുന്നു. യാത്രാമദ്ധ്യേ ഉള്ള ഇടത്താവളമായി ഈ സ്ഥലം ഉപയോഗിച്ചിരുന്നു. ആയതിനാൽ ഈ സ്ഥലിന് ഇളപ്പുപാറ എന്ന പേര് ഉണ്ടായത് എന്ന് പറയപ്പെടുന്നു.

### ഇളപ്പുപാറ ഇടവകയുടെ ഉത്ഭവവും വളർച്ചയും

കാലാകാലന്തരങ്ങൾക്കപ്പുറം ഇതരമേഖലകളിൽ നിന്നും പ്രകൃതി രമണീയമായ ഈ മലയോര പ്രദേശത്ത് കുടിയേറിയ നമ്മുടെ പൂർവ്വീകരുടെ ചരിത്രത്തിലൂടെ ഒന്ന് സഞ്ചരിക്കാം. വള്ളിക്കോട് കോട്ടയം സെൻ്റ് തോമസ് കത്തോലിക്കാ ഇടവകയിലെ ഏഴ് കുടുംബാംഗങ്ങളും അതിനോടുകൂടി വള്ളിക്കോട് കോട്ടയം സെൻ്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളിയിൽ നിന്നും വിട്ടുവന്ന പതിനൊന്ന് കുടുംബാംഗങ്ങളും ചേർന്ന് ഇളപ്പുപാറയിൽ ഒരു പ്രാർത്ഥനാ കൂട്ടായ്മക്ക് രൂപം നല്കി. അന്നത്തെ തിരുവനന്തപുരം രൂപതാധ്യക്ഷനും മലങ്കര കത്തോലിക്കാ സഭയുടെ തലവനുമായ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ അനുഗ്രഹാശിസുകളോടെ കോന്നി വൈദിക ജില്ലാവികാരിയും വകയാർ കത്തോലിക്കാപള്ളി വികാരിയുമായ ഫാ.കുര്യൻ ഇലഞ്ഞിമറ്റത്തിൻ്റേയും മേൺസിഞ്ഞോർ ഫാ.സി.ഡി. കുരുവിളയുടേയും മഹനീയ സാന്നിധ്യത്തിൽ ഇളപ്പുപാറ വടക്കേച്ചരുവിൽ ശ്രീ.തോമസിൻ്റെ ഭവനിൽ വച്ച് ഓർത്തഡോക്സ് സഭയിൽ നിന്നും വിട്ടുവന്ന 11 കുടുംബഗങ്ങളെ പുനരൈക്യപ്പെടുത്തി. അങ്ങനെ 18 കുടുബാംഗംങ്ങൾ ചേർന്ന് ഇളപ്പുപാറയിൽ മലങ്കര കത്തോലിക്കാ സഭയിലെ ഒരു ഇടവക കൂട്ടായ്മയ്ക്ക് രൂപം കൊടുത്തു.

ഇളപ്പുപാറയിൽ ദേവാലയം വേണമെന്നുള്ള അതീവ ആഗ്രഹത്തിൻ്റെ പേരിൽ പതിനെട്ടുകുടുംബാംഗങ്ങളും ചേർന്ന് ഫാ. കുര്യൻ ഇലഞ്ഞിമറ്റത്തിൻ്റെ നേതൃത്വത്തിൽ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവിനെ ചെന്നുകണ്ട് ആഗ്രഹം അറിയിക്കുകയും തുടർന്ന് പിതാവ് പാറപ്പാട്ട് ശ്രീ. ഗീവർഗീസിൻ്റെ പക്കൽ നിന്നും 30 സെൻ്റ് സ്ഥലം പള്ളിക്കുവേണ്ടി വിലക്കുവാങ്ങുകയും പള്ളി നിർമ്മിച്ച് നൽകുകയും ചെയ്തു. 1967 സെപ്റ്റംബർ 16, 17 തീയതികളിൽ അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രീഗോറിയോസ് പിതാവിൻ്റെ മുഖ്യകാർമ്മികത്വത്തിൽ ഇളപ്പുപാറയിൽ ആദ്യത്തെ ദേവാലയം പരിശുദ്ധ ദൈവമാതാവിൻ്റെ നാമധേയത്തിൽ കൂദാശ ചെയ്ത് വിശ്വാസികൾക്ക് സമർപ്പിച്ചു. അതേ തുടർന്ന് സണ്ടേസ്കൂളിൻ്റെ ഉദ്ഘാടനവും നടന്നു. കൂടാതെ സെമിത്തേരിക്കുവേണ്ടി 16 സെൻ്റ് സ്ഥലം കൂടി വാങ്ങി. പഴയ ദേവാലയത്തോട് ചേർന്ന് സെമിത്തേരി സ്ഥിതി ചെയ്യുന്നു.

നമ്മുടെ ദേവാലയത്തിൻ്റെ കുരിശടിക്കായി പുത്തൻപുരയ്ക്കൽ ശ്രീ.സഖറിയ ഒരു സെൻ്റ് സ്ഥലം ദാനമായി നൽകുകയും 1983-ൽ ഫാ. ഗീവർഗീസ് ചരുവിളയുടെ നേതൃത്വത്തിൽ കുരിശടി പണികഴിപ്പിക്കുകയും തിരുവനന്തപുരം സഹായമെത്രാൻ അഭിവന്ദ്യ ലോറൻസ് മാർ അപ്രേം തിരുമേനിയുടെ കാർമ്മികത്വത്തിൽ പരിശുദ്ധ ദൈവമാതാവിൻ്റെ നാമധേയ്വത്തിൽ കൂദാശ ചെയ്ത് സമർപ്പിച്ചു.

### പുതിയ ദേവാലയ നിർമ്മാണം

ആദ്യത്തെ ദേവാലയത്തിനുള്ളിലെ സ്ഥലപരിമിതിയും യാത്രാക്ലേശവും മൂലം പുതിയ ഒരു പള്ളിവേണമെന്ന് ചിന്തിക്കുകയും ഫാ.ജോസഫ് കടകംപള്ളിയിൽ പ്രാരംഭ നടപടികൾ സ്വീകരിക്കുകയും തുടർന്ന് ഫാ. ജോൺ കുരിയിടത്തേരിലിന്റെ നേതൃത്വത്തിൽ 1955-ൽ കുരിശടിയോടുചേർന്ന് 64 സെന്റ് സ്ഥലം പള്ളിക്കു വേണ്ടി വാങ്ങാൻ ഷെവലിയാർ ശ്രീ.കോശി പാറപ്പാട്ടിന്റെയും ഇടവക ജനങ്ങളുടെ പങ്കാളിത്വത്തോടുകൂടി ശ്രീ. സഖറിയ പുത്തൻപുരയ്ക്കലിന്റെ സ്ഥലം വാങ്ങുകയും ചെയ്തു. പുതുതായി വാങ്ങിയ സ്ഥലത്ത് ഒരു പള്ളി വേണമെന്നാഗ്രഹിച്ച് ഇടവക കൂട്ടായ്മ ഒന്നിച്ചു പ്രാർത്ഥിച്ചതിന്റെ ഫലമായി അന്നത്തെ വികാരിയായിരുന്ന ഫാ. ജോൺ കുരിയിടത്തേരിലിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ആർച്ചുബിഷപ്പ് സിറിൽ മാർ ബസേലിയോസ് കാതോലിക്കാബാവയെ കാണുകയും പിതാവിന്റെ അനുമതിയോടുകൂടി 2000ൽ ദേവാലയത്തിന്റെ പണി ആരംഭിക്കുകയും ചെയ്തു. തുടർന്ന് ഫാ.സമുവേൽ ഇടമണ്ണിൽ, ഫാ.വർഗീസ് മാവേലിൽ എന്നിവരുടെ നേതൃത്വത്തിൽ അഭിവന്ദ്യ പിതാവിന്റെ സഹായത്തോടുകൂടി രണ്ടാമത്തെ ദേവാലയത്തിന്റെ പണികൾ പൂർത്തീകരിക്കുകയും 2002 മാർച്ച് 17ന് അഭിവന്ദ്യ സിറിൽ മാർ ബസേലിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ വി.ഗീവർഗീസ് സഹദായുടെ നാമധേയത്തിൽ കൂദാശ ചെയ്ത് ഇടവക ജനങ്ങൾക്കായി സമർപ്പിച്ചു. 2006 കാലഘട്ടത്തിൽ അന്നത്തെ വികാരിയായിരുന്ന ഫാ.സ്റ്റീഫൻ കുളുംകരോട്ടച്ചൻ ദേവാലയം ഒന്നുകൂടി മോടിപിടിപ്പിച്ചു. തുടർന്ന ഫാ. റോബിൻ മനക്കലേത്ത് അച്ചന്റെ നേത്വത്തിൽ ഓഫീസ് കെട്ടിടവും ഇപ്പോഴത്തെ നിലയിൽ പള്ളി പുനരുദ്ധരിക്കുകയും 2013 ഓഗസ്റ്റ് മാസം 28-ാം തീയതി ഓഫീസ് കെട്ടിടവും പുതുക്കി പണിത മദ്ബഹായും അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവ് കൂദാശ ചെയ്തു. പുനർ നിർമ്മിച്ച കുരിശടി 2015 ഏപ്രിൽ 23 ന് അഭിവന്ദ്യ പിതാവ് വേളാങ്കണ്ണി മാതാവിന്റെ നാമധേയത്തിൽ കൂദാശ ചെയ്തു. 2020 വർഷത്തിൽ ഇടവകയുടെ ചിരകാല അഭിലാഷമായിരുന്ന പാരീഷ്ഹാൾ ദേവാലയത്തോട് ചേർന്ന് ഫാ.കോശി ചിറയത്തിന്റെ നേതൃത്വത്തിൽ നിർമ്മിതമായി.

**സുവർണ്ണ ജൂബിലി**

2016 ഏപ്രിൽ 23 മുതൽ 2017 ഏപ്രൽ 23 വരെ ഇടവകയുടെ ജൂബിലി വർഷമായി ആചരിച്ചു. ജൂബിലി വർഷത്തിന്റെ ഭാഗമായി ഫാ. റോബിൻ മനക്കലേത്തിന്റെ നേതൃത്വത്തിൽ സ്വർണ്ണ കൊടിമരം സ്ഥാപിച്ചു.

**<u>ഇളപ്പുപാറ ഇടവകയിൽ സേവനം ചെയ്ത വൈദികർ</u>**

1. ഫാ. കുര്യൻ ഇലഞ്ഞിമറ്റം
2. ഫാ. വർഗീസ് വടശ്ശേരിൽ
3. ഫാ. മാത്യു ചെങ്കല്ലൂർ
4. ഫാ. ഡാനിയേൽ കൊച്ചുവിള
5. ഫാ. മാത്യു കാലായിൽ
6. ഫാ. അഗസ്റ്റിൻ വിരിപ്പേൽ
7. ഫാ. കോശി ചക്കാലമണ്ണിൽ
8. ഫാ. ഗീവർഗീസ് ചരുവിള
9. ഫാ. തോമസ് എഴിയത്ത്
10. ഫാ. ജോസഫ് കടകംപള്ളിയിൽ
11. ഫാ. ജോൺ കുരിയിടത്തേരിൽ

12. ഫാ. ശമുവേൽ ഇളമണ്ണിൽ

13. ഫാ. വർഗീസ് മാവേലിൽ

14. ഫാ. സ്റ്റീഫൻ കുളുംകരോട്ട്

15. ഫാ. കോശി ചിറയത്ത്

16. ഫാ. തോമസ് മരുതൂർ

17. ഫാ. ജോസഫ് തടത്തിൽ

18. ഫാ. അഗസ്റ്റിൻ പുലിമുറ്റം

19. ഫാ. സാം ജോൺ കുഴിപ്പാറ

20. ഫാ. ഏബ്രഹാം മേപ്പുറത്ത്

21. ഫാ. റോബിൻ മനക്കലേത്ത്

22. ഫാ. സെബാസ്റ്റ്യൻ കിഴക്കേതിൽ

23. ഫാ. കോശി ചിറയത്ത്

**ഇടവകയിലെ ദൈവവിളികൾ**

1. സി. അൽഫോൻസ ചരിവുപുരയിടത്തിൽ

2. ബ്ര.ജോബിൻ പി. കുഞ്ഞുമോൻ പുത്തൻപുരയ്ക്കൽ

3. ബ്ര. റോജി ജോൺ ചരിവുപുരയിടത്തിൽ

4. ഷെവലിയാർ കോശി പാറപ്പാട്ട്

**നന്ദിയോടെ**

1967 ൽ 18 കുടുംബങ്ങൾ കൂടി ആരംഭിച്ച ഈ ചെറിയ കൂട്ടായ്മ 53 വർഷം പിന്നിടുമ്പോൾ 50 കുടുംബങ്ങളും 217 കുടുംബാംഗങ്ങളേയും ഉൾക്കൊണ്ട് വളർച്ചയുടെ പടവുകൾ പിന്നിടുകയാണ്. ഈ അനർഘ നിമിഷത്തിൽ ഇവിടെ ദേവാലയം യാഥാർത്ഥ്യമാക്കുവാൻ നമ്മുടെ പൂർവ്വീകർ സഹിച്ച ത്യാഗവും വേദനയും അധികമാണെന്ന് നാം തിരിച്ചറിയണം. ഇടവക ജനങ്ങളുടെ പ്രാർത്ഥനയാലും ദൈവത്തിന്റെ അനുഗ്രഹത്താലും വളർച്ചയുടെ പടവുകൾ പിന്നിട്ടുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ തന്നെ നമ്മുടെ ഇടവകയിൽ ഭക്തസംഘടനകളായ സണ്ടേസ്കൂൾ, എം.സി.വൈ.എം., മാതവേദി, പ്രാർത്ഥനാ യോഗങ്ങൾ, സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റി എന്നിവ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു.

മതസൗഹാർദത്തിന്റെ വിളഭൂമിയായ ഈ പ്രദേശത്തെ ഹൈന്ദവ സഹോദരങ്ങളും മറ്റ് ക്രൈസതവ സഭാംഗങ്ങളും ആദ്യത്തെ ദേവാലയ നിർമ്മാണ ഘട്ടത്തിലും തുടർന്നും വഹിച്ച പങ്കിനെ നന്ദിയോടെ ഓർക്കുന്നു. അവഹേളനങ്ങളും എതിർപ്പുകളേയും വകവയ്ക്കാതെ സത്യവിശ്വാസത്തിൽ നിന്നുകൊണ്ട് ശക്തമായ പ്രതിരോധത്തെ അധിജീവിച്ച് 1967 -ൽ അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ അനുമതിയോടും ആശീർവാദത്തോടും കൂടി ദേവാലയം സ്ഥാപിതമായി. പരിമിതികൾ ഏതും ഉണ്ടായിട്ടും അതെല്ലാം വിശ്വാസ ജീവിതം കരുപിടിപ്പിക്കാനുള്ള ഉപാധികളായി ഏവരും ഏറ്റെടുത്തു. വിശ്വാസം പഠിപ്പിക്കാനും പ്രചരിപ്പിക്കാനും തത്വര ഇടവക പ്രവർത്തനങ്ങൾ സജീവമാക്കാനും ഏകോപിപ്പിച്ചുള്ള സഹകരണവും പ്രാർത്ഥ

നയും ഉപകരിച്ചു ഏവർക്കും തക്കതായ നേതൃത്വം കൊടുപ്പാൻ സമയാസമയങ്ങളിൽ കടന്നുവന്ന വൈദികരും സഹായിച്ചു. അങ്ങനെയെല്ലാം ദൈവമഹത്വത്തിനായി കണ്ടുകൊണ്ട് അഭിമാനപൂർവം കത്തോലിക്കാ സഭാംഗങ്ങൾ ആണെന്നുള്ള ഉറച്ച നിലപാടിൽ ജീവിച്ചും ഈ ഇടവക വളർന്നു പന്തലിച്ച് നാടിന് അനുഗ്രഹമായിരിക്കുകയാണ്.

മലങ്കര സഭയുടെ തലവനും പിതാവുമായ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കർദ്ദിനാൾ ബാവായുടെ അനുഗ്രഹാശിസുകളാൽ 2010 മാർച്ച് 10 ന് മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ ഏഴാമത്തെ രൂപതയായി പനംതിട്ട രൂപത പിറവികൊള്ളുമ്പോൾ ഈ ഇടവക അതിന്റെ ഭാഗമായി. പത്തനംതിട്ട രൂപതാദ്ധ്യക്ഷൻ സാമുവേൽ മാർ ഐറേനിയോസ് പിതാവിന്റേയും യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റേയും അനുഗ്രഹങ്ങളും പ്രാർത്ഥനകളും ഈ ചെറിയ കൂട്ടായ്മയ്ക്ക് വലിയ പ്രചോദനമാണ്. കൂടാതെ ഇപ്പോൾ എല്ലാവിധ പ്രോത്സാഹനങ്ങളും പിന്തുണയും ആത്മീയ നേതൃത്വവും നൽകികൊണ്ടിരിക്കുന്ന വികാരി കോശി ചിറയത്ത് അച്ചനെ നന്ദിയോടെ ഓർക്കുന്നു. സർവ്വോപരി കഴിഞ്ഞ 53 വർഷക്കാലം വഴിനടത്തിയ സർവ്വശക്തന്റെ മുമ്പിൽ ശിരസ്സ് നമിച്ചു വളരുവാൻ ഞങ്ങൾ പ്രതിജ്ഞാദ്ധരാണ് ഞങ്ങളെ വളർത്തി ശുശ്രൂഷിച്ച വന്ദ്യ വൈദികർക്കും സിസ്റ്റേഴ്സിനും കൂടാതെ ഏവർക്കും നന്ദി.